## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1157 — 12.07.2016 ൽ മറുപടി നൽകേണ്ടത്

ചോദ്യം — ഉത്തരം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത് | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ മുൻ ഗവൺമെന്റ് എന്തെല്ലാം ഭൗതിക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2011-16-ലെ സർക്കാർ എത്ര കോടി രൂപയാണ് മുൻ എൽ.ഡി.എഫ് സർക്കാരിനേക്കാൾ പദ്ധതിയനുസരിച്ച് കൂടുതൽ ചെലവഴിച്ചത്; വിശദമാക്കുമോ ; | (ബി) | 2011-2016 വരെയുള്ള 5 വർഷക്കാലം, തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചിലവ് 689732.58 ലക്ഷം രൂപയാണ്. 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ 150797.78/- ലക്ഷം രൂപ പദ്ധതിയിൽ വിനിയോഗിച്ചിട്ടുണ്ട്. (2006-07 സാമ്പത്തിക വർഷം, സംസ്ഥാനത്ത് വയനാട്, പാലക്കാട് ജില്ലകളിൽ മാത്രമാണ് പദ്ധതി നിർവ്വഹണം നടത്തിയിരുന്നത്. 2007-2008-ൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽക്കൂടി പദ്ധതി വ്യാപിപ്പിച്ചു. 2008-09 മുതലാണ് ശേഷിച്ച 10 ജില്ലകൾക്കൂടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിധിയിൽ വന്നത്). 2006-11 കാലയളവിൽ കൂലിനിരക്ക് പ്രതിദിനം 125 രൂപയായിരുന്നു. 2011-12 മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ കൂലി വർദ്ധിപ്പിക്കുകയും ഇപ്പോൾ കൂലി നിരക്ക്, 240 രൂപയും ആയിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കാണ് മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇളവു നൽകിയത് വിശദമാക്കുമോ ; | (സി) | 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെയും കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന നിയമത്തിലെ പട്ടികകളുടെയും, പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിലേയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാന സർക്കാർ നടത്തിയ അഭ്യർത്ഥനയുടെ ഫലമായി പദ്ധതിയിലെ പ്രവൃത്തിസമയം, പ്രതിദിനം നിർവ്വഹിക്കേണ്ട പ്രവർത്തിയുടെ അളവിൽ കുറവ് വരാത്ത രീതിയിൽ, ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ, 8 മണിക്കൂറായി ക്രമീകരിക്കുന്നതിന് കഴിഞ്ഞു. ഇതോടൊപ്പം ഒരു ഗ്രാമ പഞ്ചായത്തിൽ കൃഷിഭൂമിയും മറ്റ് |

<table>
<tr><td></td><td></td><td></td><td>പഞ്ചായത്തിൽ താമസക്കാരുമായ ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങൾക്ക് പ്രസ്തുത പഞ്ചായത്തിലെ തൊഴിൽ കാർഡ് ഉപയോഗിച്ച് ഭൂമിയുള്ള ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പണിയിൽ ഏർപ്പെടുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പ്രതിവർഷം ശരാശരി എത്ര ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ നൽകിയത്; വിശദമാക്കുമോ ?</td><td>(ഡി)</td><td>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം ആരംഭിച്ച 2008-09 മുതൽ 2015-16 വരെയുള്ള കാലയളവിൽ പ്രതിവർഷം ശരാശരി 1035266 കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകിയിട്ടുണ്ട്. ഓരോ വർഷവും തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>സൂചകം</th><th>2008-2009</th><th>2009-2010</th><th>2010-2011</th><th>2011-2012</th><th>2012-2013</th><th>2013-2014</th><th>2014-2015</th><th>2015-2016</th></tr>
<tr><td>തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം</td><td>692015</td><td>956790</td><td>1184856</td><td>1416441</td><td>1693287</td><td>1523812</td><td>1379794</td><td>1505664</td></tr>
</table>
</td></tr>
</table>

Dy

**സെക്ഷൻ ഓഫീസർ**

lg/

അനുബന്ധം

മുൻ സർക്കാരിന്റെ കാലത്ത് 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷക്കാലം തൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| സൂചകം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് (തൊഴിൽ ദിനങ്ങൾ) (ലക്ഷത്തിൽ) | 534.62 | 833.69 | 875.57 | 761.4 | 713 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 633.10 | 837.74 | 866.03 | 588.72 | 741.71 |
| ലേബർബഡ്ജറ്റിന് ആനുപാതികമായ ശതമാനം | 118% | 100.49 | 98.91. | 77.32 | 104.03 |
| ആകെ തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയ തൊഴിൽ ദിനങ്ങൾ | 15.61 | 15.85 | 16.88 | 17.48 | 17.37 |
| ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ | 2.42 | 2.63 | 2.93 | 3.88 | 3.87 |
| ആകെ തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായ സ്ത്രീപങ്കാളിത്തം (ശതമാനത്തിൽ) | 92.92 | 92.99 | 93.37 | 92.16 | 91.27 |
| സൃഷ്ടിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 44.69 | 54.89 | 56.83 | 42.65 | 49.26 |
| പട്ടികജാതി കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 49.34 | 62.31 | 64.88 | 45.85 | 54.02 |
| പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 46.22 | 58.75 | 60.82 | 51.98 | 58.56 |
| 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 124821 | 3,40,483 | 4,06,614 | 98,648 | 1,65,962 |
| 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ച കുടുംബങ്ങളുടെ ശതമാനം | ശേഖരിച്ചിരുന്നു | 43.13 | 19.52 | 15.5 | 18.52 |
| ആകെ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ ഉൾപ്പെടെ) (ലക്ഷത്തിൽ) | 1.59 | 2.11 | 2.57 | 2.98 | 3.63 |
| കൃഷി, കൃഷി അനുബന്ധ പ്രവൃത്തികളുടെ ചെലവിന്റെ ശതമാനം | 75 | 82.25 | 88.89 | 91.36 | 92.82 |